''ഭരണഭാഷ - മാതൃഭാഷ''

വളരെ അടിയന്തിരം
സമയബന്ധിതം

# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ: ജി1/36091/2014

ചാക്ക, തിരുവനന്തപുരം
തീയതി: 22.09.2015

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഫെബ്രുവരി/ജൂലൈ 2015 (സെമസ്റ്റർ സ്കീം) - ഒ.എം.ആർ. ഷീറ്റുകളുടെ മേൽ നടപടികൾക്കുള്ള ഫീസ് - ബാങ്ക് സർവീസ് ചാർജ് ഇനത്തിൽ ഈടാക്കിയ തുക ഒടുക്കാൻ നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- ജി1/36091/14 നമ്പരായുള്ള 3-6-2015, 25-6-2015 ലെ ചുറ്ററിയിപ്പുകൾ

***************

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഫെബ്രുവരി/ജൂലൈ 2015 പരീക്ഷയുടെ ഒ.എം.ആർ. ഷീറ്റുകളുടെ മേൽനടപടികൾക്കായുള്ള ഫീസ് കൈപ്പറ്റി ലഭ്യമാക്കാൻ സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ആയത് പ്രകാരം സ്വകാര്യ/എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി സ്ഥാപനങ്ങളിലെ ട്രെയിനികളുടെ ഫീസ് ട്രെയിനിംഗ് ഡയറക്ടറുടെ പേരിലുള്ള കറണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കാനും നിർദ്ദേശം നൽകുകയുണ്ടായി.

ജഗതി എസ്.ബി.ടി. ശാഖയിലുള്ള പ്രസ്തുത അക്കൗണ്ടിൽ മറ്റുള്ള ബാങ്ക് ശാഖകളിൽ നിന്ന് ഓരോ പ്രാവശ്യവും തുക നിക്ഷേപിക്കുമ്പോൾ 'NON-HOME-CASH' എന്ന നിലയ്ക്ക് 11 രൂപ (രൂപ പതിനൊന്ന് മാത്രം) വീതം കുറവ് ചെയ്തതായി ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്ന് മനസ്സിലായി. സർവീസ് ചാർജായി ഈടാക്കിയ ടി 11 രൂപ വീതം കുറച്ചതിന് ശേഷമുള്ള തുക മാത്രമേ ആയതിനാൽ ഫീസിനത്തിലുള്ള തുകയായി ടി അക്കൗണ്ടിൽ ലഭ്യമാകുകയുള്ളൂ.

ഇത് മൂലം ഫീസിനത്തിൽ ലഭിക്കേണ്ട തുക അക്കൗണ്ടിൽ ലഭിച്ചിട്ടില്ല. ശരിയായ ഫീസ് ഉൾപ്പെടുത്തിയാണ് ഡി.ജി.റ്റി.ക്ക് ഡി.ഡി. കൈമാറേണ്ടത്. ടി സാഹചര്യത്തിൽ ഒ.എം.ആർ. ഫീസ് ക്യാഷായി ടി അക്കൗണ്ടിൽ നിക്ഷേപിച്ച സ്ഥാപന മേധാവികൾ എത്ര തവണ ടി അക്കൗണ്ടിൽ തുക നിക്ഷേപിച്ചോ അത്രയും തവണക്ക് 11/- വീതം ലഭ്യമാക്കേണ്ടതുണ്ട്. അതായത് ഒരു റസീപ്റ്റിന് 11/ രൂപ ക്രമത്തിൽ നൽകേണ്ടതുണ്ട്. ഈ തുക ക്യാഷായി നോഡൽ സ്ഥാപനത്തിൽ ലഭ്യമാക്കിയാൽ മതിയാകും. ഫെബ്രുവരി 2015, ജൂലൈ 2015 എന്നിവയ്ക്ക് പ്രത്യേകം കണക്കുകൾ നൽകേണ്ടതാണ്.

നോഡൽ സ്ഥാപന മേധാവികൾ ആയത് പരിശോധിച്ച് തങ്ങളുടെയും (ക്യാഷായി ടി അക്കൗണ്ടിൽ തുക ഒടുക്കിയവർ) തങ്ങളുടെ അധീനതയിൽ വരുന്ന സ്ഥാപനങ്ങളിലെയും ഫീസ് കൈപ്പറ്റി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് 'ഡയറക്ടർ ഓഫ് ട്രെയിനിംഗിന്റെ' പേർക്ക് തിരുവനന്തപുരത്ത് മാറാവുന്ന വിധത്തിൽ ഡി.ഡി. എടുത്ത് ഫീസിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയ ലിസ്റ്റ് സഹിതം (ഫെബ്രുവരി 2015, ജൂലൈ 2015 എന്നിവയ്ക്ക് പ്രത്യേകം സ്റ്റേറ്റ്മെന്റ് ആയി) 9-10-2015 നകം പരീക്ഷാ വിഭാഗത്തിൽ ലഭ്യമാക്കേണ്ടതാണ്. ഡി.ഡി. കൾ എടുക്കേണ്ടത് 'DIRECTOR OF TRAINING' എന്ന പേരിൽ തന്നെയായിരിക്കണമെന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഡി.ജി.റ്റി. ക്ക് ടി ഫീസ് അടിയന്തിരമായി കൈമാറേണ്ടതുള്ളതിനാൽ മുകളിൽ സൂചിപ്പിച്ചിരിക്കുന്നത് പ്രകാരം അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിൽ വീഴ്ച വരുത്താൻ പാടുള്ളതല്ല.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഗവ/എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി./സ്വകാര്യ
ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
എല്ലാ ട്രെയിനിംഗ് ഓഫീസർമാർക്കും

പകർപ്പ്:- വകുപ്പ് വെബ്സൈറ്റിലേക്ക്

എസ്സ്/22.09